**പതിന്നാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6523 08.11.2016-ൽ മറുപടിക്ക്**

**<u>മെഡിക്കൽ ഉദ്യോഗസ്ഥരുടെ സ്ഥലം മാറ്റം</u>**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ഡി.കെ.മുരളി** | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരും, മറ്റ് മെഡിക്കൽ ഉദ്യോഗസ്ഥരും സ്ഥലം മാറിപ്പോകുമ്പോൾ പകരം ആൾ വരാൻ താമസം വരുന്നതു മൂലം രോഗികൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ ഇത് പരിഹരിക്കുവാനായി എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കാമോ? | (ബി) ഒരു സ്ഥാപനത്തിൽ നിന്നും ഡോക്ടർമാരെയും മറ്റ് ജീവനക്കാരെയും സ്ഥലംമാറ്റുമ്പോൾ കഴിയുന്നതും പകരം ആളെ നിയമിച്ചശേഷം മാത്രമേ സ്ഥലം മാറ്റപ്പെട്ട ജീവനക്കാരെ വിടുതൽ ചെയ്യാറുള്ളൂ. ഒഴിവാക്കാൻ സാധിക്കാത്ത കാരണങ്ങളാൽ പകരം ആളെ നിയമിക്കാതെ ഒരു ജീവനക്കാരനെ സ്ഥലം മാറ്റം ചെയ്യേണ്ടി വന്നാൽ ടി |

ജീവനക്കാരന്റെ ചുമതല ടി സ്ഥാപനത്തിലെ മറ്റൊരു ജീവനക്കാരന് നൽകിയിട്ടായിരിക്കും സ്ഥലംമാറ്റം ലഭിച്ചയാളെ വിടുതൽ ചെയ്യുന്നത്. ഒരു ഡോക്ടർ മാത്രമുള്ള സ്ഥാപനത്തിൽ നിന്നും ഡോക്ടറെ സ്ഥലം മാറ്റുമ്പോൾ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും രോഗികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിനുമായി വിടുതൽ ചെയ്യുന്നതിനു മുമ്പ് അടുത്ത ഏതെങ്കിലും ആശുപത്രിയിലെ ഡോക്ടർക്ക് അധിക ചുമതല നൽകി പുതുതായുള്ള ഡോക്ടർ വരുന്നതുവരെ നിയമിക്കുകയാണ് ചെയ്യുന്നത്.

Antony P

സെക്ഷൻ ഓഫീസർ